## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1261** **04.02.2019 -ൽ മറുപടിയ്ക്ക്**

### കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | എ) ഉച്ചഭക്ഷണ പദ്ധതി, ടീച്ചർ എഡ്യൂക്കേഷൻ പദ്ധതി, ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെൻറ് ഫോർ മൈനോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻ, സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**i) ഉച്ചഭക്ഷണ പദ്ധതി**<br>ഉച്ചഭക്ഷണ നടത്തിപ്പിൽ അദ്ധ്യാപക രക്ഷാകർത്തൃ പങ്കാളിത്തവും പൊതു സമൂഹത്തിന്റെ പങ്കാളിത്തവും ഉറപ്പു വരുത്തുന്നതിനായി സ്കൂൾതല ഉച്ചഭക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ മെനു നിശ്ചയിക്കുന്നതും പാചക തൊഴിലാളികളെ നിയമിക്കുന്നതും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതും ടി കമ്മിറ്റികളാണ്. പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും സ്കൂൾതല പരിശോധനകൾ നടത്തുന്നതിനും ഉപജില്ലാതലത്തിൽ ഓരോ നൂൺമീൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ രണ്ട് മേഖലാ കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഉപജില്ലാ, ജില്ലാ ,സംസ്ഥാന തലങ്ങളിൽ സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്.കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിന് ഓട്ടോമേറ്റഡ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിൽ നിന്ന് ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് മൈക്രോബയോളജി പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. പച്ചക്കറി, പലവ്യഞ്ജനം,മറ്റ് ഭക്ഷ്യ വസ്തുക്കൾ, പാൽ എന്നിവ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ വർഷവും ഏപ്രിൽ,മെയ് മാസങ്ങളിൽ പദ്ധതിയുടെ ആഡിറ്റ് നടത്തുന്നുണ്ട്. |

**ii) ടീച്ചർ എഡ്യൂക്കേഷൻ**

ഡയറ്റുകളുടെ പ്രവർത്തനത്തിനാവശ്യമായ വിവരങ്ങളും ഫണ്ട് സംബന്ധിച്ച വിവരങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയത്തിന് യഥാസമയം സമർപ്പിക്കുകയും ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സാമ്പത്തികവർഷാവസാനം ഫണ്ട് വിനിയോഗം സംബന്ധിച്ച രേഖകൾ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു. "ദിക്ഷ "എന്ന് പേരിലുള്ള ടീച്ചർ എഡ്യൂക്കേഷൻ പോർട്ടൽ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫാക്കൽറ്റി അംഗങ്ങളുടെ ശമ്പള വിഹിതം ആനുവൽ ഗ്രാൻറ്, ഫാക്കൽറ്റി ഇംപ്രൂവ്മെൻറ്, അദ്ധ്യാപക പരിശീലകരുടെ ശാക്തീകരണം തുടങ്ങിയ മേഖലകൾക്കും തുക വകയിരുത്തിയിട്ടുണ്ട്. ഡയറ്റിൽ പുതുതായി നിയമിച്ച ഫാക്കൽറ്റികൾക്ക് 10 ദിവസത്തെ പരിശീലനം നൽകുകയുണ്ടായി.

**iii) ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെൻറ് ഫോർ മൈനോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻ പദ്ധതി**

പദ്ധതിയെ സംബന്ധിച്ച് കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയത്തിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന അറിയിപ്പ് നൽകി അപേക്ഷകൾ സ്വീകരിച്ച് കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയത്തിന് സമർപ്പിച്ച് വരുന്നു. ഫണ്ട് വിനിയോഗം സംബന്ധിച്ച രേഖകൾ കേന്ദ്രസർക്കാരിന് യഥാസമയം സമർപ്പിക്കുകയും ചെയ്തു വരുന്നു.

**iv) സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ**

ഔപചാരിക വിദ്യാഭ്യാസം ലഭ്യമാകാത്ത കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം, സൗജന്യയൂണിഫോം, സൗജന്യ പാഠപുസ്തകം, ബ്ലോക്ക് റിസോഴ്സ് സെന്റർ / ക്ലസ്റ്റർ റിസോഴ്സ് സെന്റർ തല പ്രവർത്തനങ്ങ ളിലൂടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടികൾ, സാങ്കേതിക മികവ് മെച്ചപ്പെടുത്തുന്നതിനായി കംമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം, സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം സിദ്ധിച്ച റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം, പഠനോപകരണ വിതരണം, മെഡിക്കൽ ക്യാമ്പ്, കണ്ണട വിതരണം, ഹിയറിംഗ് എയിഡ് വിതരണം, പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്കുള്ള

ഹോം ബേയ്സ്ഡ് ടീച്ചിംഗ്, വിവിധ തരം തെറാപ്പികൾ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ സാർവ്വത്രിക സ്കൂൾ പ്രവേശനം ഉറപ്പിക്കാനും വിദ്യാഭ്യാസ അവകാശ നിയമത്തെക്കുറിച്ച് ബോധവത്ക്കരണം നൽകാനും, പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പരിപാടികൾ,പെൺകുട്ടികൾക്ക് മാനസികവും ശാരീരിക വുമായ ശാക്തീകരണം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച ജ്വാല,സുരക്ഷിതം എന്നീ പദ്ധതികൾ, കലാ, കായിക,പ്രവൃത്തി പരിചയ അദ്ധ്യാപക നിയമനം, സ്കൂൾ ശുചിത്വം ഉറപ്പുവരുത്തുക, പഠനോപകരണങ്ങൾ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ സ്കൂൾ ഗ്രാൻറ്, വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്താൻ 'മലയാളത്തിളക്കം','ഹലോഇംഗ്ലീഷ്'','ഗണിതവിജയം' തുടങ്ങിയ പഠനപരിപോഷണ പരിപാടികൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

ബി 2016-17, 2017-18, 2018-19 വർഷങ്ങളിൽ വകുപ്പിന് ലഭിച്ച കേന്ദ്രാവിഷ്കൃതപദ്ധതികൾ ഏതെല്ലാ മെന്നും ഇതിൽ നടപ്പിലാക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

ബി) ഉച്ചഭക്ഷണ പദ്ധതി, ടീച്ചർ എഡ്യൂക്കേഷൻ പദ്ധതി, ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെൻറ് ഫോർ മൈനോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻ പദ്ധതി സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ തുടങ്ങിയ പദ്ധതികൾ. എല്ലാ പദ്ധതികളും നടപ്പിലാക്കിവരുന്നു.

സി) പ്രസ്തുത പദ്ധതികളിൽ സംസ്ഥാന വിഹിതം കൃത്യമായി ഉപയോഗിച്ച പദ്ധതികൾ ഏതെല്ലാമെന്ന വ്യക്ത മാക്കുമോ;

സി എല്ലാ പദ്ധതികൾക്കും സംസ്ഥാന വിഹിതം ലഭ്യമാക്കിയിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെൻറ് ഫോർ മൈനോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻ പദ്ധതിക്ക് 75:25 അനുപാതത്തിലാണ് തുക അനുവദിക്കുന്നത്. ഇതിൽ 75% കേന്ദ്രസർക്കാരും 25 % അതാത് മാനേജ്മെന്റുമാണ് വഹിക്കുന്നത്.

ഡി) ഇവയിൽ സംസ്ഥാന വിഹിതം ലഭ്യമാക്കിയിട്ടില്ലെന്ന കാരണത്താൽ നഷ്ടപ്പെട്ട പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ?

ഡി) ഇക്കാരണത്താൽ പദ്ധതികളൊന്നും നഷ്ടപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ